# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തിനാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, അമേരിക്കയിൽ വന്ന് വളരെ വഷങ്ങൾ കഴിഞ്ഞാണ് KCV അമേരിക്കയിൽ വന്നത്. മുൻ കഥയുടെ തുടക്കമായാണ് ഈ കഥയും പറയുന്നത്. അയാൾ അവിടെ വന്നപ്പോൾ മുതൽ, അയാളെ വളരെയധികം അവർ ശ്രദ്ധിക്കുന്നു. അതിനും വഷങ്ങൾക്കു ശേഷമാണ് PPPയും അവിടെ വന്നത്. അയാളേയും അവർ ശ്രദ്ധിക്കാൻ തുടങ്ങി. ആ സ്ഥലത്ത് വന്ന മറ്റെല്ലാവരേയും പോലെയല്ല; വളരെ വ്യത്യസ്ഥരാണ്.

മണി, KCV യുടെ പെങ്ങൾ, ഭത്താവും രണ്ടു പൊടികൊച്ചുങ്ങളുമായാണ് അവിടെ എത്തിയത്. നാട്ടിൽ വെച്ചു തന്നെ അവളും ഭത്താവും തമ്മിൽ എടച്ചയിലായിരുന്നു. അവളുടെ വിവാഹം കഴിഞ്ഞ് ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ മുതൽ അവർ തമ്മിൽ സ്വര ചേച്ചയില്ലാതായി. അവളടെ ഭത്താവ് ലൈഗിക വേഴ്ചയ്ക്കു വരുന്നതു തന്നെ അവൾക്കിഷ്ടമില്ലാതായി. വെറും നാട്ടിൻ പുറത്ത് ജനിച്ച്, ജീവിച്ചിരുന്ന അവൾക്ക്, ഈ പുരുഷന്മാരുടെ രീതി തന്നെ വെറുത്തു. വിവാഹത്തിനു മുമ്പ് അവൾ ലൈഗികവേഴ്ച നടത്തിയിരുന്നില്ല, ആരുമായും. സ്വന്ത ഭത്താവ് ആദ്യമായി വന്നപ്പോൾ അവൾക്ക് വളരെ ആകാംക്ഷ ആയിരുന്നു. എന്നാൽ അയാൾ കാട്ടിലെ പൊട്ടക്കിണറിൽ കമ്പിട്ടശേഷം ഉടനെ തന്നെ തിരിഞ്ഞു കിടന്ന് ഉറക്കമായി. ഏകദേശം ഒരാഴ്ച ഇതാവത്തിച്ചപ്പോൾ അവൾക്ക് ഈ പ്രക്രിയയോടും പുരുഷന്മാരോടു തന്നെ വെറുപ്പായി. ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ അയാൾ വിദേശത്ത് ജോലിക്കു മടങ്ങി പോയി.

മണി ഹൈസ്ക്കൂൾ പാസായി കഴിഞ്ഞപ്പോൾ, ആങ്ങള KCV യും ഭാര്യ നാൻസിയുമായി കേരളത്തിൽ വന്ന് മടങ്ങിയപ്പോൾ, അവളും കൂടെ പോയി, ഉത്തരേന്ത്യയിലേക്ക്. അവൾക്കവിടെ നേഴ്സിംഗിന്, നാൻസിയുടെ കഴിവു കാരണം പ്രവേശനം കിട്ടി. അതു കഴിഞ്ഞ്, ആ ആശുപത്രിയിൽ തന്നെ അവൾക്ക് ജോലിയും കിട്ടി. വലിയ താമസം കൂടാതെ അവളുടെ വിവാഹവും കഴിഞ്ഞു. ഉത്തരേന്ത്യയിൽ നേഴ്സായ ഒരു പെണ്ണിനെ അക്കാലത്ത് കെട്ടികൊണ്ടു പോകാൻ ധാരാളം ആൾക്കാർ ഉണ്ടായിരുന്നു. പ്രത്യേകിച്ച്, വിദേശത്ത് ജോലിയുള്ള ഒരാൾ. അയാളുടെ മനസ്സിലെ സങ്കല്പവും അവളെ കൂട്ടി അയാളടെ ജോലിസ്ഥലത്തു പോയ് ജീവിക്കാമെന്നായിരുന്നു. PPP യുടെ യാതൊരു വിവരവും അനക്കവും കേൾക്കാതായപ്പോൾ അവരുടെ അമ്മയുടെ മനക്കോട്ടകളും, സ്വപ്നങ്ങളും എല്ലാം തകന്നു. അപ്പോൾ പിന്നെ വന്ന നല്ല ഒരാലോചന ഇതായിരുന്നു. ചെറുക്കനെ, അമ്മയ്ക്കും, മകനും മകൾക്കും എല്ലാവക്കും വളരെ ഇഷ്ടപ്പെട്ടു. വിദേശത്തു നിന്ന്, ചുരുങ്ങിയ ദിവസത്തെ അവധിക്ക് അയാൾ വന്നതുകൊണ്ട്, പെട്ടന്ന് എല്ലാം കഴിഞ്ഞ് എല്ലാവരും അങ്ങോട്ടു മിങ്ങോട്ടും പിരിഞ്ഞു.

മടങ്ങി ജോലിക്കു പോയ മണി പെട്ടന്നറിഞ്ഞു, അവൾ ഗഭിണിയാണെന്ന്. ഹോസ്റ്റലിൽ തന്നെ തുടന്ന് ജീവിച്ചെങ്കിലും, പ്രസവ സമയമായപ്പോൾ, ആങ്ങളയുടെ വീട്ടിൽ തന്നെ താമസിച്ചു. അന്ന് അവർ രണ്ടു പേരും ഒരു സ്ഥലത്തായിരുന്നു. കൂടാതെ അമ്മയേ, നാട്ടിൽ നിന്ന് വരുത്തി. പ്രസവ അവധി കഴിഞ്ഞ്, കുഞ്ഞിനെ നാട്ടിലുള്ള ഭത്തൃ ഗൃഹത്തിലാക്കി, അവൾ മടങ്ങി ഹോസ്റ്റലിൽ വന്ന് താമസിച്ച് ജോലി ചെയ്യാൻ തുടങ്ങി. അമ്മ മകന്റെ കൂടെ അവിടെ താമസമായി. നാൻസിക്കത് ഇഷ്ടമല്ലായിരുന്നെങ്കിലും, മക്കൾ രണ്ടു പേരേ നോക്കാൻ ഒരാളായല്ലോ, എന്നാശ്വാസമായി.

കുഞ്ഞിന് ഏകദേശം ഒരു വയസ് പ്രായമായപ്പോൾ അവളുടെ ഭത്താവ് വെറും രണ്ടാഴ്ചത്തെ അവധിയെടുത്ത് കേരളത്തിൽ വന്നു. അയാൾ ആവശ്യപ്പെട്ടതിൻ പ്രകാരം അവളും അവധി എടുത്ത് അയാളുടെ വീട്ടിൽ പോയി താമസിച്ചു. സ്വന്തം കുഞ്ഞിനെ കാണാമല്ലോയെന്നാശയിലായിരുന്ന അവൾ പോയത്. അയാളുടെ പഴയ സ്വഭാവത്തിന് യാതൊരു വ്യത്യാസവുമില്ല. അയാളുടെ കാര്യം കഴിഞ്ഞ് മാറി കിടക്കുക എന്ന സാധാരണ എല്ലാ മലയാളികളുടെ സ്വഭാവം തന്നെ അയാൾക്ക്. എന്തായാലും ആ ചുരുങ്ങിയ സമയം അയാൾക്ക് ഇടച്ച് വരുത്താതെ അയാളുടെ കൂടെ സഹകരിച്ചു. പ്രത്യേകിച്ച് അയാളുടെ വീട്ടിലെ താമസം. അയാൾ വിദേശത്തു നിന്നും ധാരാളം സാധനങ്ങൾ അവൾക്കു കൊണ്ടു കൊടുത്തു വളരെ സ്വണ്ണാഭരണങ്ങളും കൊടുത്തു; അവളെ സന്തുഷ്ടയാക്കാൻ. ഇതെല്ലാം സാധാരണ എല്ലാ ആൾക്കാരും ചെയ്യുന്നത്. അവൾക്ക് അയാളോടെ കൂടുതൽ വെറുപ്പായി.

സൂക്ഷം സമയം കഴിഞ്ഞപ്പോൾ മടങ്ങി അയാൾ ജോലിക്ക് വിദേശത്തും, അവൾ അവളുടെ ജോലി സ്ഥലത്തേക്കും. അവൾ മടങ്ങി ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ അറിഞ്ഞു: വീണ്ടും ഗഭിണിയാണെന്ന്. ഹോസ്റ്റലിൽ തന്നെ താമസിച്ചെങ്കിലും പ്രസവ സമയമായപ്പോൾ, പഴയതു പോലെ ആങ്ങളയുടെ വീട്ടിലായി ശരണം. അമ്മ അവിടെ ഉണ്ടല്ലോ എന്നാശ്വാസമുണ്ട്. വീണ്ടും ഒരാൺകുഞ്ഞിന് ജന്മം നൽകിയപ്പോൾ അവൾ സന്തോഷവതി ആയി. വീണ്ടും അവളുടെ പ്രസവാവധി കഴിഞ്ഞപ്പോൾ, ഈ കുഞ്ഞിനേയും അവൾ ഭത്തൃഗൃഹത്തിലാക്കി. അതും കഴിഞ്ഞ് ഏകദേശം പത്തു മാസം കഴിഞ്ഞപ്പോൾ, ഭത്താവ് വീണ്ടും രണ്ടാഴ്ചത്തെ അവധിക്കു വന്നു. ഇക്കുറി അവൾ കേരളത്തിൽ ഭത്തൃഗ്രഹത്തിൽ ചെല്ലത്തില്ലന്നറിഞ്ഞ് അയാൾ, അവളുടെ ജോലിസ്ഥലത്ത് ചെന്ന് അളിയന്റെ കൂടെ താമസിച്ച് അവളെ കാണാൻ ചെന്നെങ്കിലും, അവൾ അയാളെ കാണാൻ ഒട്ടും കൂട്ടാക്കിയില്ല. അയാൾ അവിടെ ഹോട്ടലിൽ മുറിയെടുത്ത്, അവളെ വിളിച്ചിട്ടും അവൾ ചെന്നില്ല.

ഈ സമയത്ത്, അവൾ അമേരിക്കയിലേക്ക് പോകാനുള്ള പേപ്പറുകൾ തയാറാക്കുന്ന സമയമായിരുന്നു. അവൾ അയാളേയും കൂടെ എംബസിയിൽ കൊണ്ടു പോയി പേപ്പർ എല്ലാം, അയാളുടെ കൂടെ പേരു വെച്ച് ഒപ്പിട്ടു കൊടുക്കാൻ സാധിച്ചു. അയാൾ വിദേശത്തു നിന്ന് അവൾക്കു കൊടുക്കാൻ കൊണ്ടു വന്ന സാധനങ്ങളും ആഭരണങ്ങളും എല്ലാം, അളിയന്റെ വീട്ടിൽ വെച്ചിട്ട് മടങ്ങി പോയി.

സൂക്ഷം ഈ സമയത്താണ് PPP യും ആ സ്ഥലത്തെത്തിയതും KCV അയാളെ കൂട്ടി, അയാളുടെ വീട്ടിൽ എത്തിയതും. അങ്ങിനെ അവിടെ വെച്ചാണ് അയാൾ മണിയുടെ ഭത്താവിനെ ആദ്യമായി കാണുന്നത്. അവളുടെ ഭത്താവ് മടങ്ങി ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവിടെ ഉള്ള അവരുടെ അമ്മ അസുഖമായി, അവൾ ജോലി ചെയ്യുന്ന ആശുപത്രിയിൽ തന്നെ ചികിത്സയിലായി. ആ വിവരം KCV ആണ് PPP യോടെ പറഞ്ഞത്. അയാളുടെ കുടുംബം അവിടെ നിന്നും വളരെ ദൂരെ ആണ്. ആ അമ്മയ്ക്ക് അയാളെ കണ്ട നാൾ മുതൽ അയാളോടെ വളരെ സ്നേഹമായിരുന്നു. അതുകൊണ്ട്, അയാൾ എന്നും കൈനിറയെ പഴവഗ്ഗങ്ങളുമായി അമ്മയെകാണാൻ ചെല്ലുകയായി. ആ സമയത്തെല്ലാം, മണി അവിടെ ഉണ്ടാകും. സംശയ രോഗിയായ അവൾ ധരിച്ചത്, അവളെ കാണാനും, അവൾക്കു കൊടുക്കാനുമായാണ് PPP അവിടെ വരുന്നതെന്നുമായിരുന്നു. യാഥാത്ഥത്തിൽ അയാൾക്ക് അങ്ങിനെ യാതൊരു ഉദേശവുമില്ലായിരുന്നു. ഇതേ ചിന്താ ഗതി തന്നെ ആയിരുന്നു ആ അമ്മയ്ക്കും അവരുടെ മകൻ KCV യ്ക്കും.